## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 885** **25.01.2018-ന് മറുപടിയ്ക്ക്**

## വനഭൂമിയുടെ പാട്ട വാടക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്** | **ശ്രീ. കെ. രാജു**<br>**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന വനമേഖലയിൽ വിവിധ ആവശ്യങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും പാട്ടത്തിനു നൽകിയ ഭൂമിയുടെ പാട്ട വാടക വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാന വനമേഖലയിൽ വിവിധ ആവശ്യങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും പാട്ടത്തിനു നൽകിയ ഭൂമിയുടെ പാട്ട വാടക പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | കേരള ഗ്രാന്റ്സ് & ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ചട്ടം 2009 ചട്ടം 3 (2) (എ) പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ മേഖലാ/സ്വകാര്യ വ്യക്തികൾക്കും പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമിയുടെ പാട്ടവാടക പുതുക്കി നിശ്ചയിച്ച് ഒരു മാസത്തിനകം സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് 28.10.2017 ലെ സ.ഉ.(എം.എസ്) നം. 49/2017/വനം പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇതേ ഉത്തരവ് പ്രകാരം സ്വകാര്യ മേഖലയ്ക്ക്/സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയ്ക്ക് പൊതുമേഖലയ്ക്ക് പാട്ടത്തിന് നൽകിയ വനഭൂമിയെക്കാൾ ഉയർന്ന പാട്ടവാടക നിശ്ചയിക്കുന്നതിന് ഉതകുംവിധം 2009 ലെ കേരള ഗ്രാന്റ്സ് & ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ